നജീബ് മൗലവി



## വഹ്ഹാബിസം-4

# തൗഹീദ് വിഭജനം ബിദ്അത്ത്

മുസ്‌ലിം ഉമ്മത്തിൽ ശിർക്കാരോപിച്ച് അതിന്റെ നിർമ്മാർജ്ജനമാണു തങ്ങളുടെ ലക്ഷ്യമെന്നവകാശപ്പെട്ടുകൊണ്ട് പ്രവർത്തിക്കുന്ന ഒരു പ്രസ്ഥാനമാണു വഹ്ഹാബിസം. മുമ്പും സമുദായത്തിൽ ഇങ്ങനെ ചില വിഭാഗങ്ങളുണ്ടായിരുന്നു. അവരൊക്കെയും പയറ്റിപ്പോന്ന തന്ത്രം തൗഹീദിനു പുതിയ അർത്ഥങ്ങൾ ചമയ്ക്കുകയും അതിനു വിരുദ്ധമെന്നു തങ്ങൾക്കു തോന്നുന്നതെല്ലാം ശിർക്കെന്ന് ആരോപിക്കുകയുമായിരുന്നു. അഹ്ലുസ്സുന്നത്തിന്റെ വിശ്വാസ തത്ത്വങ്ങളുടെ ക്രോഡീകരണത്തിനു വഴിവച്ച മുഅ്തസിലത്ത് തങ്ങളുടെ പഞ്ചതത്ത്വങ്ങളിൽ പ്രഥമമായി തെരഞ്ഞെടുത്തത് തൗഹീദാണ്. തങ്ങൾ വിശദീകരിക്കുന്നപോലെ തൗഹീദ് ഉൾക്കൊള്ളാത്തവരെല്ലാം ശിർക്കിലാണെന്ന് അവരാരോപിക്കുകയും ചെയ്തു. വഹ്ഹാബിസത്തിന്റെ അവലംബമായ ഇബ്നുതീമിയ്യയും ഇതു തന്നെയാണാവർത്തിച്ചത്. തന്റെ കാലം വരെ(ഹി: ൮-ാം നൂറ്റാണ്ട്) കേട്ടുകേൾവിയില്ലാത്ത ഒരു വിഭജനവുമായാണ് അദ്ദേഹം മുന്നോട്ടു വന്നത്. ഇസ്‌ലാമിലെ തൗഹീദിനെ തൗഹീദുൽ ഉലൂഹിയ്യഃ, തൗഹീദുർറുബൂബിയ്യഃ എന്നിങ്ങനെ രണ്ടായി അദ്ദേഹം വിഭജിച്ചു. തൗഹീദുൽ ഉലൂഹിയ്യത്തിന്റെ സംസ്ഥാപനമായിരുന്നു പ്രവാചകന്മാരുടെയെല്ലാം ലക്ഷ്യമെന്നും അവരുടെ ജനതകൾ കാലാകാലങ്ങളിൽ അംഗീകരിക്കാതെ പോന്നത് ഇതായിരുന്നുവെന്നും അദ്ദേഹം ജല്പിച്ചു. ഹി: 12-ാം നൂറ്റാണ്ടിൽ അദ്ദേഹത്തെ അന്ധമായനുകരിച്ചു രംഗത്തുവന്ന ഇബ്നുഅബ്ദിൽ വഹ്ഹാബും അനുയായികളും വേദവാക്യം കണക്കെ ഉദ്ധരിക്കുന്നതും ഇതുതന്നെയാണ്. ഇതോടൊപ്പം തൗഹീദുൽ അസ്മാഇ വസ്സ്വിഫാത്ത് എന്ന മറ്റൊരു തൗഹീദുകൂടി വഹ്ഹാബിസം പിന്നീട് കൂട്ടിച്ചേർത്തിട്ടുണ്ട്. വർഷങ്ങൾക്കു മുമ്പെഴുതിയ തൗഹീദ് എന്ന പഠനക്കുറിപ്പിൽ ഇവയെല്ലാം അല്പം നാം വിശദീകരിച്ചിട്ടുണ്ടെങ്കിലും വഹ്ഹാബിസത്തിന്റെ കാതലായ ഭാഗമെന്ന നിലക്ക് ആവശ്യമായ ചിലത് ഇവിടെ വിവരിക്കാതിരിക്കാനാവില്ല.

لا إله إلا الله-അല്ലാഹു അല്ലാതെ ഒരിലാഹുമില്ല എന്നതാണ് ഇസ്‌ലാമിന്റെ അടിത്തറയായ തൗഹീദിന്റെ വചനമെന്നതിൽ അഭിപ്രായാന്തരമില്ല. എല്ലാ സമൂഹങ്ങളിലും ഇതുതന്നെയായിരുന്നു തൗഹീദിന്റെ കലിമ. ഇതു തൗഹീദിന്റെ കലിമയാണെന്നതിൽ ഇജ്മാഉണ്ടെന്ന് ചില ഗ്രന്ഥങ്ങളിൽ(ഉദാ: തുഹ്ഫ: 1-൮) പറഞ്ഞതിന്റെ ഉദ്ദേശ്യം നബിയുടെ കാലശേഷം മുജ്തഹിദുകൾ ഏകോപിച്ചു തീരുമാനിച്ചതാണത് എന്നല്ലെന്നു വ്യക്തമാണ്. "ഞാനും എന്റെ മുമ്പുള്ള നബിമാരും മൊഴിഞ്ഞതിലേറ്റവും ഉൽകൃഷ്ടം ലാഇലാഹ ഇല്ലല്ലയാണെ"ന്ന നബിവചനം പ്രസിദ്ധമാണല്ലോ.

ഇലാഹെന്നാൽ സൃഷ്ടികളുടെ ഇബാദത്തിന്നർഹൻ(معبود بحق) എന്നാണർത്ഥം. അപ്പോൾ ആരാധനയെന്ന വണക്കത്തിന്നർഹനായി അല്ലാഹു മാത്രമേയുള്ളൂവെന്നാണ് ഈ വാക്യത്തിന്റെ ഉദ്ദേശ്യമെന്നു വ്യക്തം. അല്ലാഹുവിനു പുറമെ മറ്റേതെങ്കിലും വ്യക്തിയോ ശക്തിയോ ഇലാഹാണെന്നു ജല്പിക്കുന്നതാണ് ഇതിന്നു നേർവിപരീതമായ ആശയം. അ

താണ് ശിർക്കെന്ന് ഏവർക്കുമറിയാം. എത്ര ലളിതവും സുതാര്യവുമാണ് ഇക്കാര്യം! ഇതു ഗ്രഹിച്ചാൽ സമുദായത്തിൽ ആർക്കെതിരെയും ശിർക്കാരോപിക്കാൻ ന്യായമില്ലെന്ന വസ്തുത വളരെ വ്യക്തമാണ്. അല്ലാഹുവിനു പുറമെ ഇലാഹുണ്ടെന്ന മൗഢ്യം പറയുന്നവർ സമുദായത്തിലാരുമില്ലല്ലോ. ഇസ്‌ലാമിക വെളിച്ചം മനസ്സിൽ കടന്ന ആരും ഏക സത്യദൈവമായ അല്ലാഹുവിന്നപ്പുറം ഒരു വ്യാജദൈവത്തിലും വിശ്വസിക്കാൻ തയ്യാറാകയില്ലെന്നുറപ്പാണ്. ഇതു കൊണ്ടാണു നബി(സ)തങ്ങൾ ഇങ്ങനെ ആണയിട്ടു പ്രസ്താവിച്ചത്. ''അല്ലാഹുവാണ, എനിക്കു ശേഷം നിങ്ങൾ മുശ്‌രിക്കാകുമെന്ന് ഞാനാശങ്കപ്പെടുന്നില്ല''-(ബുഖാരി). ഏതു വ്യാജ ദൈവത്തിനുള്ള പൂജയും പിശാചിനുള്ള പൂജയാണല്ലോ. എന്നാൽ 'അറേബ്യൻ ഉപദ്വീപിൽത്തന്നെ പിശാച്, തന്നെ പൂജിക്കപ്പെടുന്ന കാര്യത്തിൽ നിരാശനായിരിക്കുന്നു'വെന്ന നബിവചനം(മുസ്‌ലിം, തുർമുദി) പ്രസിദ്ധമാണ്. ഇതേ ജസീറയിലെ മക്കയിലും മദീനയിലുമെല്ലാം ശിർക്കും ബഹുദൈവപൂജയും കൊടുമ്പിരി കൊള്ളുകയാണെന്നാരോപിച്ചു കൊണ്ടാണല്ലോ വഹ്ഹാബീ പ്രസ്ഥാനം അവിടെ ഉടലെടുത്തത്. അന്ന് ഉമ്മത്തിന്റെ മേൽ ശിർക്കാരോപിക്കപ്പെട്ട വിഷയങ്ങളെല്ലാം ഇന്നും അവിടെ തുടരുകയാണ്. നബിതങ്ങളുടെ തിരുസന്നിധിയിലും 'ബഖീഇ'യിലെ മശ്ഹദുകളിലുമെല്ലാം ഇന്നും ഈ 'ശിർക്ക്' തുടരുന്നു! ശിർക്കിലകപ്പെടുകയില്ലെന്നു തിരുനബി ആണയിട്ടു പറഞ്ഞ സമുദായമാണ് ഈ 'ശിർക്കുകളെല്ലാം ചെയ്യുന്നതും'! എത്ര നെറികെട്ട ആരോപണമാണിതെന്നു മനസ്സിലാക്കാൻ ഇതു തന്നെ ധാരാളം മതി. തങ്ങളുടെ ഈ ആരോപണത്തിനു വഴിയൊരുക്കാനായി തൗഹീദിന്റെ നിർവ്വചനത്തിലും വിവരണത്തിലും വഹ്ഹാബിസം സൃഷ്ടിച്ച വ്യതിയാനവും കൈയേറ്റവും ഉദ്ധരിക്കാം. ശേഷം അതിലെ അബദ്ധങ്ങളും വിവരിക്കാം.

## വഹ്ഹാബി തൗഹീദ്

പ്രസ്ഥാനസ്ഥാപകനായ മുഹമ്മദിബ്നു അബ്ദിൽ വഹ്ഹാബിന്റെ വളരെ പ്രധാനപ്പെട്ട ഗ്രന്ഥമാണ് 'കിതാബുത്തൗഹീദ്.' ഈ ഗ്രന്ഥത്തെപ്പറ്റി ഇമാം മുഹമ്മദുബ്നുസുഊദ് യൂണിവേഴ്സിറ്റി കുല്ലിയ്യത്തുശ്ശരീഅയിലെ പ്രഫസർ സ്വാലിഹുബ്നു അബ്ദിർറഹ്മാനിൽ അത്വ്റം കുറിക്കുന്നതിങ്ങനെ: ''തൗഹീദുൽ ഇബാദത്തിനെയും അതിന്നോ അതിന്റെ പൂർണ്ണതക്കോ വിരുദ്ധമായതിനെയും വിവരിക്കുന്നതിനാണ് ശൈഖ്(ഇബ്നുഅബ്ദിൽ വഹ്ഹാബ്) ഊന്നൽ നല്കിയത്. ഈ വിഷയത്തിൽ കിതാബുത്തൗഹീദ് എന്നു പേർ വച്ച മഹത്തായ ഒരു ഗ്രന്ഥം തന്നെ അദ്ദേഹം രചിച്ചിട്ടുണ്ട്. 67 അദ്ധ്യായങ്ങളാക്കിയിരിക്കുന്നു അദ്ദേഹം ഈ ഗ്രന്ഥത്തെ. ഓരോ അദ്ധ്യായത്തിനും ഉള്ളടക്കം വിവരിക്കുന്ന തലക്കെട്ടു നല്കുക മാത്രമാണ് അദ്ദേഹം ചെയ്തത്. പിന്നീട് ഖുർആൻ ആയത്തുകളും നബിയുടെ ഹദീസുകളും ലക്ഷ്യമായുദ്ധരിക്കുന്നു. അനന്തരം ഈ അദ്ധ്യായത്തിൽ നിന്നു മനസ്സിലാക്കേണ്ട വിഷയങ്ങൾ വിവരിക്കുന്നു.''-(ഇഅ്തിമാദു ഫിഖ്ഹി ദഅ്വത്തി ശൈഖ് പേ. 323).

അതേ കിതാബുത്തൗഹീദിൽ ഇബ്നുഅബ്ദിൽ വഹ്ഹാബ് പ്രധാനമായും വിവരിക്കുന്നത് തന്റെ ആശയസ്രോതസ്സ് ഇബ്നുതീമിയ്യ: തൗഹീദുൽ ഉലൂഹിയ്യത്തെന്നു പേർവിളിച്ച വികല തൗഹീദിനെയാണ്. ഇതിനെ വഹ്ഹാബിസം തൗഹീദുൽ ഇബാദത്തെന്നും, തൗഹീദുൽ ഉബൂദിയ്യത്തെന്നും, തൗഹീദുൽ ഇലാഹിയ്യത്തെന്നും പേർവിളിക്കുന്നു. വഹ്ഹാബീ പണ്ഡിതനായ ഇബ്നുഹജർ ആലു ബൂത്വാമി കുറിക്കുന്നു: ''ശൈഖ്(ഇബ്നുഅബ്ദിൽ വഹ്ഹാബ്) പ്രബോധനം ചെയ്തതും ബഹുഭൂരിപക്ഷം പണ്ഡിതന്മാരും അദ്ദേഹത്തോടു വിയോജിച്ചതുമായ വിഷയങ്ങളിൽ ഒന്നാമത്തേത് തൗഹീദുൽ ഉബൂദിയ്യത്താണ്. ഇതിന് തൗഹീദുൽ ഉലൂഹിയ്യത്തെന്നും പേരുണ്ട്. നൂഹ് നബി(അ) മുതൽ മുഹമ്മദ്നബി(സ) വരെയുള്ള മുഴുവൻ മുർസലുകളെയും ഈ തൗഹീദിന്റെ സ്ഥാപനത്തിനു വേണ്ടി മാത്രമാണ് അല്ലാഹു നിയോഗിച്ചത്. സൂറതുന്നഹ്ൽ 36-ാം സൂക്തത്തിൽ അല്ലാഹു ഇങ്ങനെ പറഞ്ഞിട്ടുണ്ട്.

നജ്ദിലെയും മറ്റും ജനങ്ങൾ നബിമാരുടെയും സ്വാലിഹീങ്ങളുടെയും ഖബ്റുകളെയും ചില കല്ലുകളെയും മരങ്ങളെയും ഇഹാലുകളാക്കുകയും നേർച്ച, സത്യംചെയ്യൽ, ബലി, സഹായം തേടൽ, വിളിച്ചാർക്കൽ പോലുള്ള അല്ലാഹുവിനല്ലാതെ ചെയ്യാൻ പറ്റാത്ത ചില ഇബാദത്തുകൾ ഈ ഇലാഹുകൾക്ക് അർപ്പിക്കുകയും ചെയ്തപ്പോൾ അവരെ വിമർശിക്കുകയും ഇബാദത്തെന്നാൽ അല്ലാഹു കല്പിച്ചതിനെല്ലാം വഴിപ്പെടലാണെന്നു വിവരിക്കുകയുമാണ് അദ്ദേഹം ചെയ്തത്. നിസ്കാരം, നോമ്പ്, ദാനം, നേർച്ച, അറവ്, ത്വവാഫ്, സഹായം തേടൽ, വിളിച്ചാർക്കൽ എന്നിവയെല്ലാം ഇബാദത്താണ്. അല്ലാഹു അല്ലാത്തവരിലേക്ക് ഇവയിലേതു തിരിച്ചാലും മുശ്‌രിക്കാകും.


വിൽപനയിൽ

താജുൽ ഉലമാ

ശൈഖുനാ കെ.കെ.സദഖത്തുല്ല മൗലവി

ജീവചരിത്ര ഗ്രന്ഥം



വില: 100രൂപ.

ബന്ധപ്പെടുക

ദാറുസ്സുന്ന ഇസ്‌ലാമിക കേന്ദ്രം പാപ്പിനിപ്പാറ - മഞ്ചേരി, ഫോൺ:0483 - 2769031

ഓഫീസ് സെക്രട്ടറി ബുൽബുൽ ഓഫീസ്, പള്ളിക്കുന്ന്, വണ്ടൂർ. Mob: 9446768040

ഇതദ്ദേഹം വിവരിച്ചപ്പോൾ ജനങ്ങളിൽ ചിലർ അദ്ദേഹത്തെ പിൻപറ്റുകയും ആവേശപൂർവ്വം പുണരുകയും ചെയ്തെങ്കിലും സമുദായത്തിലെ ബഹുഭൂരിപക്ഷവും ഇതു സ്വീകരിക്കാൻ കൂട്ടാക്കിയില്ല.'' (ബുഹൂസു നദ്‌വതി ദഅ്‌വത്തിശ്ശൈഖ് പേ. 311,312)

കിതാബുത്തൗഹീദിന് ഇബ്നു അബ്ദിൽ വഹ്ഹാബിന്റെ പൗത്രൻ അബ്ദുർറഹ്മാനിബ്നു ഹസൻ ആലുശൈഖ് എഴുതിയ ഫത്ഹുൽ മജീദ് എന്ന വ്യാഖ്യാനഗ്രന്ഥം ആരംഭിക്കുന്നതു തന്നെ ഇങ്ങനെ കുറിച്ചുകൊണ്ടാണ്: "തൗഹീദ് രണ്ടു വിധമാണ്. തൗഹീദുൻ ഫിൽ മഅ്രിഫതി വൽ ഇസ്ബാത്(അംഗീകരിക്കുകയും ദൃഢീകരിക്കുകയും ചെയ്യേണ്ട തൗഹീദ്) ഇതാണു റുബൂബിയ്യത്തിലെയും അസ്മാഉസ്സിഫാത്തിലെയും തൗഹീദ്. മറ്റൊന്ന്, ലക്ഷ്യമാക്കുന്നതിലും തേടുന്നതിലുമുള്ള തൗഹീദാണ്. ഇതാണ് ഇലാഹിയ്യത്തിലെയും ഇബാദത്തിലെയും തൗഹീദ്.'' ഇതിനു തെളിവായി അദ്ദേഹം ഇബ്നുൽഖയ്യിമിന്റെയും ഇബ്നുതീമിയ്യ:യുടെയും ഉദ്ധരണികൾ ചേർക്കുന്നുമുണ്ട്. ഇബ്നുതീമിയ്യ:യുടെ ഉദ്ധരണിയിൽ ഇങ്ങനെ വായിക്കാം. "പ്രവാചകന്മാർ പഠിപ്പിച്ച തൗഹീദു കൊണ്ടുദ്ദേശ്യം റുബൂബിയ്യത്തിലെ തൗഹീദു മാത്രമല്ല. അല്ലാഹു മാത്രമാണ് ഈ പ്രപഞ്ചത്തെ സൃഷ്ടിച്ചത് എന്ന വിശ്വാസമാണ് റുബൂബിയ്യത്തിലെ തൗഹീദ്. വിശ്വാസശാസ്ത്രത്തിന്റെയും അദ്ധ്യാത്മശാസ്ത്രത്തിന്റെയും പണ്ഡിതന്മാരിൽ പലരും വിചാരിക്കുന്നു ഇതാണു തൗഹീദെന്ന്. ഇക്കാര്യം സലക്ഷ്യം ഉറപ്പിച്ചാൽ അങ്ങേയറ്റത്തെ തൗഹീദിനെ ഉറപ്പിച്ചുവെന്നാണ് ഇവർ വിചാരിക്കുന്നത്. ഇതംഗീകരിച്ച് ഇതിൽ വിലയം പ്രാപിച്ചാൽ തൗഹീദിന്റെ പാരമ്യത്തിൽ വിലയം പ്രാപിച്ചുവെന്നാണ് അവരുടെ ധാരണ. റബ്ബ് അർഹിക്കുന്ന സ്വിഫത്തുകളെല്ലാം അംഗീകരിക്കുകയും എല്ലാ ന്യൂനതകളിൽ നിന്നും അവനെ പരിശുദ്ധമാക്കുകയും എല്ലാ വസ്തുക്കളുടെയും സ്രഷ്ടാവ് അവൻ മാത്രമാണെന്ന് അംഗീകരിക്കുകയും ചെയ്താൽ ഒരാൾ തൗഹീദുള്ളവനാകുകയില്ല. അല്ലാഹുവല്ലാതെ ഒരിലാഹുമില്ലെന്ന് ഉറച്ചു പ്രഖ്യാപിക്കുകയും അവൻ മാത്രമാണ് ആരാധനക്കർഹനായ ഇലാഹെന്നു സമ്മതിക്കുകയും അവനു മാത്രം ഇബാദത്തു ചെയ്യൽ കൊണ്ട് ഏറ്റെടുക്കുകയും ചെയ്താലല്ലാതെ തൗഹീദു ലഭിക്കുകയില്ല. ഇലാഹെന്നാൽ ആരാധനക്കർഹനായ ആരാധ്യനെന്നാണ്. സൃഷ്ടിക്കാൻ കഴിവുള്ളവനെന്നല്ല. അങ്ങനെ വല്ലവനും അർത്ഥം നല്കി ഇലാഹെന്ന ഗുണത്തിന്റെ ഏറ്റവും സവിശേഷമായ അർത്ഥമിതാണെന്നു വിശ്വസിച്ചു കൊണ്ട് ഇതിനെ സമർത്ഥിക്കുന്നത് തൗഹീദിന്റെ പാരമ്യമായി വിശ്വാസശാസ്ത്രത്തിലെ പണ്ഡിതന്മാർ പറയുന്നത്-അബുൽഹസൻ (അശ്അരി)യെത്തൊട്ടും അനുഗാമികളെത്തൊട്ടും ഇങ്ങനെയാണുദ്ധരിക്കപ്പെടുന്നത്- ശരിയല്ല. ഇങ്ങനെയുള്ളവർ തൗഹീദിന്റെ യാഥാർത്ഥ്യം ഗ്രഹിച്ചവരല്ല. കാരണം, അറബികളിലെ മുശ്‌രിക്കുകളും അല്ലാഹു മാത്രമാണ് എല്ലാ വസ്തുക്കളുടെയും സ്രഷ്ടാവ് എന്നു സമ്മതിച്ചവരായിരുന്നു. അതോടൊപ്പം അവർ മുശ്‌രിക്കുകളുമായിരുന്നു...... ഇങ്ങനെ അല്ലാഹുവാണ് എല്ലാറ്റിന്റെയും റബ്ബും സ്രഷ്ടാവുമെന്ന് സമ്മതിക്കുന്നവരെല്ലാം അവനുമാത്രം ഇബാദത്തു ചെയ്യുന്നവരല്ല. അവനോടു മാത്രം പ്രാർത്ഥിക്കുന്നവരും അവനെ മാത്രം ആഗ്രഹിക്കുന്നവരും അവനെ മാത്രം ഭയപ്പെടുന്നവരും അവനിൽ മാത്രം സ്നേഹബന്ധവും ശത്രുതയും പുലർത്തുന്നവരും മുർസലീങ്ങൾക്കു വഴിപ്പെടുന്നവരുമല്ല....... മൊത്തം ബഹുദൈവിശ്വാസികളും അല്ലാഹുവാണ് സ്രഷ്ടാവെന്നു സമ്മതിക്കുകയും അല്ലാഹുവിനോടു കൂടെ പങ്കു ചേർക്കുകയും എതിർദൈവങ്ങളാക്കുകയും ചെയ്യുന്ന ശുപാർശക്കാരെ സ്വീകരിക്കുന്നവരുമാണ്.''-(ഫത്ഹുൽമജീദ് പേ. 12,13).

*ഇതേ ജസീറയിലെ മക്കയിലും മദീനയിലുമെല്ലാം ശിർക്കും ബഹുദൈവപൂജയും കൊടുമ്പിരി കൊള്ളുകയാണെന്നാരോപിച്ചു കൊണ്ടാണല്ലോ വഹ്ഹാബീ പ്രസ്ഥാനം അവിടെ ഉടലെടുത്തത്. അന്ന് ഉമ്മത്തിന്റെ മേൽ ശിർക്കാരോപിക്കപ്പെട്ട വിഷയങ്ങളെല്ലാം ഇന്നും അവിടെ തുടരുകയാണ്. നബിതങ്ങളുടെ തിരുസന്നിധിയിലും ബഖീഇ യിലെ മശ്ഹദുകളിലുമെല്ലാം ഇന്നും ഈ ശിർക്ക് തുടരുന്നു! ശിർക്കിലകപ്പെടുകയില്ലെന്നു തിരുനബി ആണയിട്ടു പറഞ്ഞ സമുദായമാണ് ഈ ശിർക്കുകളെല്ലാം ചെയ്യുന്നതും ! എത്ര നെറികെട്ട ആരോപണമാണിതെന്നു മനസ്സിലാക്കാൻ ഇതു തന്നെ ധാരാളം മതി.*

## ഈ വിഭജനം ബിദ്അത്ത്

തൗഹീദിന് മുസ്‌ലിം തലമുറകൾ പരമ്പരാഗതമായി ഗ്രഹിച്ചുവരുന്ന ഒരർത്ഥവും ആശയവുമുണ്ടല്ലോ. നബി(സ)യിൽ നിന്ന് സ്വഹാബത്തു ഗ്രഹിക്കുകയും അവർ തൊട്ടടുത്ത തലമുറക്കു പഠിപ്പിക്കുകയും ചെയ്ത ആശയം. അതാണല്ലോ തലമുറകൾ തലമുറകൾക്കു കൈമാറി വരുന്നത്. ഇതുവച്ച് മുസ്‌ലിം ഉമ്മത്തിന്റെ മേൽ ശിർക്കാരോപിക്കാൻ വകുപ്പില്ലാത്തതു കൊണ്ടാണ് ഇബ്നുതീമിയ്യ: തൗഹീദിനെ രണ്ടായി വിഭജിച്ചത്. ഇക്കാര്യത്തിൽ തനിക്കു മുമ്പ് ഒരു മുൻഗാമിയെ ചൂണ്ടിക്കാണിക്കാനാവില്ല. തൗഹീദിലൂടെ മുന്നോട്ടു ഗമിക്കുന്നവർ കയറിപ്പോകുന്ന സ്റ്റെപ്പുകളും പദവികളുമല്ലാതെ അടിസ്ഥാന

തൗഹീദിനു തന്നെ രണ്ടു ഘടകങ്ങൾ വിവരിച്ച ആരെയും അദ്ദേഹത്തിനു മുമ്പ് അറിയപ്പെട്ടിട്ടില്ല. മുൻമാതൃകയില്ലാതെ അദ്ദേഹം ഇതിനു തുനിഞ്ഞത് ദുരുദ്ദേശപരമാണെന്നു വ്യക്തം.

തൗഹീദിനു വിരുദ്ധമെന്നു താൻ മുദ്രയടിക്കുന്ന കാര്യങ്ങളത്രയും നബി(സ)തങ്ങളുടെ കാലം തൊട്ടേ സമുദായത്തിൽ നിലനിന്നു വരുന്നതാണ്. തന്റെ കാലത്തോ തൊട്ടു മുമ്പോ പുതുതായി ഉടലെടുത്തതല്ല. ആദിനൂറ്റാണ്ടു മുതൽ ഏഴു നൂറ്റാണ്ടിലും ഉമ്മത്തിൽ നിലനിന്നുപോരുന്ന ആചാരങ്ങളെയും നടപടികളെയും ശിർക്കെന്നു വിളിക്കാനായി മാത്രം അദ്ദേഹം കണ്ടെത്തിയ കുത്സിത മാർഗ്ഗമാണ് തൗഹീദിന്റെ വിഭജനവും പുതിയ അർത്ഥങ്ങളുമെന്നു കാണാം. മുൻഗാമികൾക്കോ സമകാലികർക്കോ തന്റെ ഈ നിർമ്മിതിയെക്കുറിച്ച് ഒരു ധാരണയുമില്ലെന്ന് അദ്ദേഹത്തിന്റെ വാക്കുകൾ തന്നെ വ്യക്തമാക്കുന്നുണ്ട്. ഇതുകൊണ്ടാണ് തൗഹീദു സംബന്ധിച്ച അദ്ദേഹത്തിന്റെ വീക്ഷണം മുൻ മാതൃകയില്ലാത്ത ബിദ്അത്തും അബദ്ധവുമാണെന്നു സമകാലികരും പിൻഗാമികളുമായ ഇമാമുകളെല്ലാം വ്യക്തമാക്കിയത്. എന്നാൽ, തനിക്കുശേഷം അഞ്ചു നൂറ്റാണ്ടു പിന്നിട്ടതിൽ പിന്നെ ഇതേ അബദ്ധം ഉദ്ധരിച്ചുകൊണ്ടാണ് വഹ്ഹാബിസം രംഗത്തു വന്നത്. കിതാബുത്തൗഹീദിൽ ഇബ്നുഅബ്ദിൽ വഹ്ഹാബ് വിവരിച്ചതും ഈ വികല തൗഹീദാണ്. അതാണ് മുകളിലുദ്ധരിച്ചത്. അതിന്റെ സംക്ഷിപ്തം നമുക്കിങ്ങനെ നമ്പറിട്ടു കുറിക്കാം. വിശകലനത്തിന് അതാണു സൗകര്യപ്രദം.

ഒന്ന്: തൗഹീദ് രണ്ടു വിധമുണ്ട്. 1) തൗഹീദുർ റുബൂബിയ്യ: 2) തൗഹീദുൽ ഉലൂഹിയ്യ:(തൗഹീദുൽ ഇബാദത്ത് എന്നും ഇതിനു പേരുണ്ട്)

രണ്ട്: തൗഹീദുൽ ഉലൂഹിയ്യത്താണ് അല്ലാഹുവിന്റെ ദൂതന്മാരെല്ലാം പഠിപ്പിച്ചത്. നൂഹ് നബിമുതൽ നമ്മുടെ നബി വരെയുള്ള എല്ലാവരുടെയും ആഗമനം ഇതിലേക്കു ക്ഷണിക്കുന്നതിനും ഇതു പ്രബോധനം ചെയ്യുന്നതിനുമാണ്.

മൂന്ന്: തൗഹീദുർറുബൂബിയ്യത്ത് കാലാകാലങ്ങളിലുള്ള ബഹുദൈവ വിശ്വാസികളെല്ലാം അംഗീകരിച്ചിരുന്നതാണ്. തൗഹീദുൽ ഉലൂഹിയ്യത്താണ് അവരെല്ലാം നിരാകരിച്ചിരുന്നത്.

നാല്: നബിതങ്ങളുടെ കാലത്തെ മുശ്രിക്കുകൾ നിഷേധിച്ചിരുന്നതും തൗഹീദുൽ ഇബാദത്തിനെയാണ്. തൗഹീദുർറുബൂബിയ്യത്ത് അവരും അംഗീകരിച്ചിരുന്നു.

അഞ്ച്: തൗഹീദുർറുബൂബിയ്യത്ത് അംഗീകരിച്ചതുകൊണ്ട് ഇസ്ലാം ലഭിക്കുകയില്ല. നബിയുടെ കാലത്തെ ബഹുദൈവ വിശ്വാസികൾ അതംഗീകരിച്ചവരായിരുന്നു. എന്നിട്ടും അവർ മുശ്രിക്കുകളായിരുന്നല്ലോ.

ആറ്: പ്രാർത്ഥന, നേർച്ച, അറവ്, ഇസ്തിഗാസ തുടങ്ങിയുള്ളതെല്ലാം ഇബാദത്തുകളാണ്. അവയെല്ലാം അല്ലാഹുവിനു മാത്രമേ അർപ്പിക്കാവൂ. ഇല്ലെങ്കിൽ ശിർക്കാകും. ഇതു പഠിപ്പിക്കുന്നതിനാണ് നബിതങ്ങൾ നിയുക്തരായത്. ബഹുദൈവ വിശ്വാസികളോട് നബി പൊരുതിയതും ഇതിന്റെ സംസ്ഥാപനത്തിനു വേണ്ടിയാണ്.

നമ്പറിട്ടു കുറിച്ച ഭാഗങ്ങൾ വഹ്ഹാബീപ്രസ്ഥാനത്തിന്റെ ആശാന്റെ കൃതികളിൽ നിന്നു തന്നെ ഉദ്ധരിക്കാം. കശ്ഫുശ്ശുബ്ഹാത്ത് എന്ന ലഘുലേഖയിൽ അദ്ദേഹം കുറിക്കുന്നു:

"തൗഹീദ് എന്നാൽ ഇബാദത്തു കൊണ്ട് അല്ലാഹുവിനെ തനിപ്പിക്കുകയെന്നാണെന്നു മനസ്സിലാക്കുക. അല്ലാഹു തന്റെ അടിയാറുകളിലേക്കയച്ച എല്ലാ ദൂതന്മാരുടെയും ദീൻ തൗഹീദാണ്. അവരിലൊന്നാമൻ നൂഹ്നബി(അ)യാണ്. തന്റെ ജനത വുദ്ദ്, സുവാഅ്, യഗൂസ്, യഊഖ്, നസ്റ് എന്നീ സദ്വൃത്തരുടെ കാര്യത്തിൽ അതിരുകൾ ലംഘിച്ചപ്പോഴാണ് നൂഹ് നബിയെ അല്ലാഹു അയച്ചത്. ദൂതന്മാരിൽ അവസാനത്തെയാൾ മുഹമ്മദ് നബി(സ) തങ്ങളാണ്. അതേ സ്വാലീഹീങ്ങളുടെ ശില്പങ്ങൾ പൊട്ടിച്ചവർ നബിതങ്ങളാണ്. ഇബാദത്തുകളെടുക്കുകയും ഹജ്ജ്, ദാനം, ദിക്ർ എന്നിവ നടത്തിപ്പോരുകയും ചെയ്തിരുന്ന ഒരു ജനതയിലേക്കാണ് നബിയെ അല്ലാഹു നിയോഗിച്ചത്. പക്ഷേ, ഈ ജനത തങ്ങൾക്കും അല്ലാഹുവിനുമിടയിൽ ചില സൃഷ്ടികളെ മാധ്യമങ്ങളാക്കിയിരുന്നു. അല്ലാഹുവിലേക്കടുക്കാനാണ് ഇവരെക്കൊണ്ട് ഞങ്ങളുദ്ദേശിക്കുന്നതെന്നും അല്ലാഹുവിങ്കൽ ഇവർ ശുപാർശ ചെയ്യുന്നതിനാണ് ഞങ്ങൾ ലക്ഷ്യമാക്കുന്നതെന്നും ഇവർ പറയും. മലക്കുകൾ, ഈസാ, മർയം തുടങ്ങിയുള്ളവരും മറ്റുചില സദ്വൃത്തരുമായിരുന്നു ഈ സൃഷ്ടികൾ. ഇവർക്ക് അവരുടെ പിതാവ് ഇബ്റാഹീം നബിയുടെ ദീനിനെ പുതുക്കിക്കൊടുക്കാനും ഈ സാമീപ്യവും വിശ്വാസവും അല്ലാഹുവിന്നു മാത്രം അവകാശപ്പെട്ടതാണെന്നും അ


പുറത്തിറങ്ങി
തിരുമുടി:
വിവാദങ്ങൾ
മൗലാനായുടെ കോഴിക്കോട് പ്രഭാഷണം
₹50/-
പോസ്റ്റേജ് പുറമെ
വിലാസം
ദാറുസ്സുന്ന ഇസ്ലാമിക കേന്ദ്രം,
പാഷിനിപാറ – മഞ്ചേരി, മലപ്പുറം – 676122
Ph: 04931 2769031, 9744409380
DVD

***തൗഹീദിന് മുസ്‌ലിം തലമുറകൾ പരമ്പരാഗതമായി ഗ്രഹിച്ചുവരുന്ന ഒരർത്ഥവും ആശയവുമുണ്ടല്ലോ. നബി(സ)യിൽ നിന്ന് സ്വഹാബത്തു ഗ്രഹിക്കുകയും അവർ തൊട്ടടുത്ത തലമുറക്കു പഠിപ്പിക്കുകയും ചെയ്ത ആശയം. അതാണല്ലോ തലമുറകൾ തലമുറകൾക്കു കൈമാറി വരുന്നത്. ഇതു വച്ച് മുസ്‌ലിം ഉമ്മത്തിന്റെ മേൽ ശിർക്കാരോപിക്കാൻ വകുപ്പില്ലാത്തതു കൊണ്ടാണ് ഇബ്നുതീമിയ്യ: തൗഹീദിനെ രണ്ടായി വിഭജിച്ചത്. ഇക്കാര്യത്തിൽ തനിക്കുമുമ്പ് ഒരു മുൻഗാമിയെ ചൂണ്ടിക്കാണിക്കാനാവില്ല.***

ല്ലാഹുവിങ്കൽ മഖർറബായ മലക്കുകൾക്കോ മുർസലായ നബിമാർക്കോ മറ്റോ ഇതിലൊരവകാശവുമില്ല എന്നും വിവരം നല്കുന്നതിനുമാണ് നബിയെ അല്ലാഹു അയച്ചത്. അല്ലായിരുന്നെങ്കിൽ ഈ മുശ്‌രിക്കുകൾ അല്ലാഹു മാത്രമാണ് സ്രഷ്ടാവെന്നും അന്നം നല്കുന്നതെന്നും ഉറപ്പിച്ചു പ്രഖ്യാപിക്കുന്നവരായിരുന്നു. അല്ലാഹുവല്ലാതെ ജീവിപ്പിക്കുന്നില്ല, അവനല്ലാതെ മരിപ്പിക്കുന്നില്ല, അവനല്ലാതെ കാര്യങ്ങളൊന്നും നിയന്ത്രിക്കുന്നില്ല എന്നും വിശ്വസിക്കുന്നവരായിരുന്നു. ആകാശങ്ങൾ മുഴുക്കെയും അതിലുള്ളതും ഏഴു ഭൂമികളും അതിലുള്ളതുമെല്ലാം അല്ലാഹുവിന്റെ അടിയങ്ങളാണെന്നും അവന്റെ ആധിപത്യത്തിനും നിയന്ത്രണത്തിനും കീഴിലാണെന്നും ഇവർ വിശ്വസിക്കുന്നു. സൂറത്ത് യൂനുസിലെ 31-ാം സൂക്തവും സൂറ: മുഅ്മിനീനിലെ 89-ാം സൂക്തവും ഇതിനു തെളിവാണ്.

ഇതെല്ലാം സമ്മതിച്ചിട്ടും ഇവരെ നബിതങ്ങൾ തൗഹീദിൽ പ്രവേശിപ്പിച്ചിട്ടില്ല. ഇവർ നിഷേധിച്ച തൗഹീദ് തൗഹീദുൽ ഇബാദത്തായിരുന്നു. ഇക്കാലത്തെ മുശ്‌രിക്കുകൾ വിശ്വാസമെന്നു പറയുന്നത് ഇതിനാണ്. രാവും പകലും അല്ലാഹുവിനോടു പ്രാർത്ഥിക്കുന്നതുപോലെ സജ്ജനങ്ങളും അല്ലാഹുവിന്റെ സാമീപ്യമുള്ളവരുമെന്ന നിലക്ക് മലക്കുകളോടും ഇവരിൽ ചിലർ പ്രാർത്ഥിച്ചിരുന്നു. ഈ ശിർക്കിന്റെ പേരിലാണ് നബി അവരോടു പൊരുതിയത്. ഇബാദത്ത് അല്ലാഹുവിനു മാത്രം തനിപ്പിക്കുന്നതിലേക്കാണ് അവരെ ക്ഷണിച്ചത്.

പ്രാർത്ഥന മുഴുവൻ അല്ലാഹുവിനാകുവാനും നേർച്ച മുഴുവൻ അല്ലാഹുവിനാകുവാനും അറവും ഇസ്തിഗാസയും അല്ലാഹുവിനാകുവാനും മറ്റു ഇബാദത്തുകളെല്ലാം അല്ലാഹുവിന്നാകുവാനുമാണ് നബി ഇവരോടു പൊരുതിയത്. ഇക്കാര്യങ്ങളെല്ലാം നീ മനസ്സിലാക്കുകയും റുബൂബിയ്യത്തിലെ തൗഹീദു കൊണ്ട് അവർ സമ്മതിച്ചിട്ടും അവരെ നബി മുസ്‌ലിംകളായി അംഗീകരിച്ചില്ലെന്നും മലക്കുകൾ, നബിമാർ, ഔലിയാക്കൾ എന്നിവരെ ശുപാർശക്കായി ലക്ഷ്യമാക്കിയതാണ് അവരുടെ രക്തവും ധനവും അനുവദനീയമാക്കിയ ശിർക്കെന്നും നീ ഗ്രഹിച്ചാൽ, പ്രവാചകന്മാർ പ്രബോധനം ചെയ്യുകയും മുശ്‌രിക്കുകൾ അംഗീകരിക്കുവാൻ വിസമ്മതിക്കുകയും ചെയ്ത തൗഹീദെന്തെന്നു നിനക്കു മനസ്സിലാകും. ഈ തൗഹീദാണ് ലാഇലാഹ ഇല്ലല്ലാ എന്ന വാക്യത്തിന്റെ ആശയം.''(കശ്ഫുശ്ശുബ്ഹാത്ത് 1,2,3)

നൂഹ് നബി(അ) മുതൽ എല്ലാ കാലങ്ങളിലും മുശ്‌രിക്കുകൾ അംഗീകരിച്ചിരുന്ന തൗഹീദാണ് റുബൂബിയ്യത്തിലെ തൗഹീദെന്നും അവർ നിരാകരിച്ചിരുന്നത് ഇബാദത്തിന്റെ തൗഹീദാണെന്നും ഇതിലേക്കു ക്ഷണിക്കുന്നതിനാണ് പ്രവാചകന്മാരെല്ലാം വന്നതെന്നും ഇതു നിരാകരിച്ചതിന്റെ പേരിലാണ് നബി(സ) അവരോടു യുദ്ധം ചെയ്തതെന്നും അവരുടെ രക്തവും സമ്പത്തും അനുവദനീയമാക്കിയത് ഈ ശിർക്കാണെന്നും ഇബ്നുഅബ്ദിൽ വഹ്ഹാബ് വളച്ചുകെട്ടില്ലാതെ ഈ വരികളിൽ വ്യക്തമാക്കുന്നുണ്ടല്ലോ. ഈ വസ്തുതകൾ മാത്രമാണ് നേരത്തെ നമ്പറിട്ടു പിരിച്ചു കുറിച്ചത്. വിശകലനത്തിന്റെ സൗകര്യാർത്ഥം മാത്രമാണ് അങ്ങനെ ചെയ്തത്. ഇനി അവ ഓരോന്നെടുത്ത് നിരൂപണം ചെയ്യാം.

●


വിൽപനയിൽ

മൗലാനാ നജീബ് മൗലവിയുടെ

പുതിയ നേർക്കുനേർ വിസിഡി

തൗഹീദ്

Vol. 1, 2, 3 | Rs. 90

വിലാസം

ദാറുസ്സുന്ന ഇസ്‌ലാമിക കേന്ദ്രം
പാപ്പിനിപ്പാറ-മഞ്ചേരി.
മലപ്പുറം-676122
Ph: 0483 2769031

പോസ്റ്റേജ് പുറമെ

ഓഫീസ് സെക്രട്ടറി
ബുൽബുൽ ഓഫീസ്
വണ്ടൂർ-679328
Ph: 9446768040